(3) 2001-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ബിൽ

(ശ്രീ. എം. മുരളി നോട്ടീസ് നൽകിയത്) (ചർച്ച തുടർച്ച)

ശ്രീ. എം. മുരളി: (തുടർച്ച) സർ, തുടർ ചർച്ചയോടെ അവതരണാനുമതി തേടിയിരിക്കുന്ന ഈ ബില്ലിന്റെ പ്രമേയത്തിന്റെ ചർച്ച ഇന്നിവിടെ പൂർത്തീകരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. വളരെ കാലിക പ്രസക്തിയുള്ള കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും സുപ്രധാനമായ ഒരു ചിന്ത, അല്ലെങ്കിൽ ഒരു ആശയം നമ്മുടെ ഭരണരംഗം നവീകരിക്കാനും ഇഫക്ടീവാക്കാനുമുള്ള ഒരു ആശയം, അതാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ബില്ലിലൂടെ മുന്നോട്ടു വയ്ക്കുന്നത്. ഈ ആശയം 1957-ൽ ഐക്യ കേരളം പിറവി എടുത്തതിനുശേഷമുള്ള ആദ്യത്തെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നമ്മുടെ ആദ്യത്തെ മുഖ്യമന്ത്രി ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള ഭരണ പരിഷ്കരണ കമ്മിറ്റിതന്നെ മുന്നോട്ടുവച്ച ഒരു ആശയമാണ്. പിന്നീട് എം.കെ. വെള്ളോടി ചെയർമാനായി വന്ന ഭരണപരിഷ്കരണ കമ്മിറ്റിയും അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്നുതന്നെ വിശേഷിപ്പിക്കാവുന്ന പ്രൊവിൻഷ്യൽ സിവിൽ സർവ്വീസ് കേരളത്തിൽ രൂപീകരിക്കണമെന്ന ആശയം മുന്നോട്ടു വച്ചു. ഏറ്റവും ഒടുവിൽ 1997-ലെ ഗവൺമെന്റ് രൂപീകരിച്ച ഭരണ പരിഷ്കരണ കമ്മിറ്റിയും കേരളത്തിൽ ഒരു പ്രത്യേക സംസ്ഥാന സിവിൽ സർവ്വീസ് വേണമെന്ന ആവശ്യം മുന്നോട്ടു വയ്ക്കുകയുണ്ടായി. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ഈ ബിൽ അവതരിപ്പിക്കുകയും അതിന്റെ ചർച്ച ആരംഭിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് ഒരു മന്ത്രിസഭാ ഉപസമിതി ശ്രീ. ടി. എം. ജേക്കബിന്റെ നേതൃത്വത്തിൽ രൂപീകരിച്ചുകൊണ്ട് കേരളത്തിൽ ഒരു പ്രത്യേക സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കുന്നതിനെക്കുറിച്ച് വിശദമായി ചർച്ച നടത്തുകയും ഒരു റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതി ഗവൺമെന്റിനു സമർപ്പിക്കുകയും ചെയ്തു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിൽ ഒരു പ്രത്യേക സിവിൽ സർവ്വീസ്, ഒരു രണ്ടാം ശ്രേണി, കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥൻമാരുടെ സെക്കന്റ് ലൈൻ, ടാലന്റ് പൂൾ നമ്മുടെ സംസ്ഥാന തലത്തിൽ രൂപീകരിക്കണമെന്ന ആശയം 1957 മുതൽ കേരളത്തിന്റെ ഭരണരംഗത്തു ഉയർന്നുവന്ന ഒരു ആശയം, വിവിധങ്ങളായ ഭരണ പരിഷ്കരണ കമ്മിറ്റികൾ ഉന്നയിച്ച ഒരു ആശയം, ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചുകൊണ്ട് വിശദമായ ചർച്ചകൾ നടത്തി ആവിഷ്കരിച്ചിരിക്കുന്ന ഈ ആശയം, അത് പ്രായോഗിക തലത്തിലേക്ക് എത്തിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ അവതരിപ്പിച്ച ബിൽ, അതിനിപ്പോൾ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ബിൽ എന്നാണ് പേരു കൊടുത്തിരിക്കുന്നത്. കേരളാ സിവിൽ സർവ്വീസ് നമ്മുടെ സംസ്ഥാനത്തുണ്ടാക്കാൻ, അഡ്മിനിസ്ട്രേറ്റീവ് സർവ്വീസാകട്ടെ, സിവിൽ സർവ്വീസാകട്ടെ, ഐ.എ.എസ്.-നു താഴെ ഒരു രണ്ടാം നിര, ഭരണരംഗത്തെ ആലസ്യം ഇല്ലാതാക്കാൻ, അധികാര വികേന്ദ്രീകരണം വളരെ ഇഫക്ടീവായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത്, അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് നേതൃത്വം കൊടുക്കാൻ സൽഭരണം അല്ലെങ്കിൽ good governance ലക്ഷ്യമാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ഊർജ്ജസ്വലതയോടുകൂടി മുന്നോട്ടു നയിക്കാൻ, പ്രത്യേകിച്ചും എം.ജി.പി.-ക്കു രൂപം നൽകിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ എം.ജി.പി.-യുടെ ആശയങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുമെല്ലാം ഇത്തരം ഒരു സംസ്ഥാന സിവിൽ സർവ്വീസ് വേണം. പഴയ കൊച്ചി, മലബാർ, തിരുവിതാംകൂർ കാലഘട്ടത്തിലും, ഐക്യ കേരളം

LIBRARY ARCHIVES Kerala Legislative Assembly

രൂപപ്പെട്ടശേഷവും കേരളത്തിലെ സിവിൽ സർവ്വീസിൽ വന്നവരാകട്ടെ വളരെ പ്രഗൽഭമതികൾ ആയിരുന്നു. ഇന്ന് വന്നിരിക്കുന്ന ഭൂരിപക്ഷവും നമ്മുടെ സംസ്ഥാനത്തിനു പുറമെ നിന്ന് വന്നവരാണ്. കളക്ടർമാരുടെ കണക്കെടുക്കാം. ഐ.എ.എസ്. ശ്രേണിയിൽനിന്നും കടന്നു വന്നിരിക്കുന്ന വകുപ്പദ്ധ്യക്ഷൻമാരുടെ കണക്കെടുക്കാം. ഇന്ത്യ ഒന്നാണ് എന്ന ആശയത്തെ മുറുകെ പിടിച്ചുകൊണ്ടുതന്നെ ഞാൻ പറയുന്നു, കേരളത്തിന്റെ പുറത്തുനിന്നു വന്നവരാണ് ബഹുഭൂരിപക്ഷവും. കേരളത്തിന്റെ വികാരങ്ങൾ അവർ ഉൾക്കൊള്ളുന്നില്ല എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ നമ്മുടെ കുഞ്ഞുങ്ങൾ കടന്നുവരണം. കേരളത്തിന്റെ മണമുള്ള, കേരളത്തിന്റെ മണ്ണിൽ ജനിച്ചു വളർന്ന അവർ, കേരളത്തിന്റെ ഭരണശ്രേണിയിലേക്കും സിരാ കേന്ദ്രങ്ങളിലേക്കും ഭരണത്തിന്റെ താക്കോൽ സ്ഥാനങ്ങളിലേക്കും കടന്നുവരണം. അങ്ങനെ കടന്നുവരാൻ, ഇന്ന് നമ്മുടെ സിവിൽ സർവ്വീസ് പരീക്ഷയിൽ, യു.പി.എസ്.സി. നടത്തുന്ന പരീക്ഷയിൽ, അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷയിൽ നമ്മുടെ കുട്ടികൾക്ക് ഇടയ്ക്കുണ്ടായിരുന്ന അപചയം, പരാചയം, അതിന്റെ കയ്പ്പുനീര് ഈ വർഷത്തെ പരീക്ഷയോടുകൂടി മാറിയിട്ടുണ്ട് എന്ന യാഥാർത്ഥ്യം ഞാൻ വിസ്മരിക്കുന്നില്ല. കേരളത്തിന് ഫലപ്രദമായ ഒരു മുന്നേറ്റം ഈ ഐ.എ.എസ്. പരീക്ഷയിൽ ഉണ്ടായി. അശ്വതിക്ക് മൂന്നാം റാങ്ക് ലഭിച്ചു. ഐ.എ.എസ്.-ലേക്ക് കടന്നുവരുന്നവർ, നമ്മുടെ വകുപ്പ് തലവൻമാരായി കടന്നുവരുന്നവർ, അവരുടെ തൊട്ട് താഴെയുള്ള ഒരു പുതിയ സെക്കന്റ് ലൈൻ നമുക്ക് സൃഷ്ടിക്കണം.

ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കുകയാണ്. കേരളത്തിൽ ഇപ്പോൾ തന്നെ Provincial Civil Service ഉണ്ട്. അത് ലാന്റ് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഡെപ്യൂട്ടി കളക്ടേഴ്സ് മാത്രമാണ്. കേരളത്തിൽ ഫലപ്രദമായ ഒരു അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് അല്ലെങ്കിൽ സിവിൽ സർവ്വീസ് ഉണ്ടാക്കിക്കൊണ്ട് നമ്മുടെ അഖിലേന്ത്യാ സർവ്വീസിലുള്ള കാട്ട അതിൽനിന്ന് തെരഞ്ഞെടുക്കുക എന്നുള്ളതാണ്. ഇപ്പോൾ മന്ത്രിസഭാ ഉപസമിതി മുന്നോട്ടു വച്ചിരിക്കുന്നത് അഞ്ച് pay scale-ലുള്ള ഉദ്യോഗസ്ഥൻമാരെ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് അല്ലെങ്കിൽ സിവിൽ സർവ്വീസിൽ നിയമിക്കപ്പെടാനാണ് ഉദ്ദേശിക്കുന്നത്. ഈ നിർദ്ദേശം വർക്കൗട്ട് ചെയ്യണം. സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്തു കൊണ്ട് ഭരണരംഗത്ത് താല്പര്യമുള്ള വിദഗ്ദ്ധൻമാരുമായി ചർച്ച ചെയ്തുകൊണ്ട് വർക്കൗട്ട് ചെയ്യുക. സ്റ്റേറ്റ് സിവിൽ സർവ്വീസിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന മാർഗ്ഗങ്ങളെക്കുറിച്ചും, കാട്ടയെ സംബന്ധിച്ചും, എത്ര ശതമാനമെന്നുള്ളതിനെ സംബന്ധിച്ചുമൊക്കെ എന്റെ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ബില്ലിലെ ആശയങ്ങൾ മുഴുവൻ ഉൾക്കൊള്ളണമെന്നൊന്നും ഞാൻ നിർബന്ധിക്കുന്നില്ല. ഇത് ഗവൺമെന്റുതന്നെ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ആവിഷ്കരിക്കുക. പക്ഷെ കേരളത്തിൽ ഒരു പ്രത്യേക സിവിൽ സർവ്വീസ് ഉണ്ടാകണം. അത് കേരളത്തിന്റെ ഭരണരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകും. വകുപ്പ് തലവൻമാർ അല്ലെങ്കിൽ ഡിപ്പാർട്ട്മെന്റ് മേധാവികൾ ഐ.എ.എസ്. ആയിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ പിന്നാലെ അവരുടെ താഴെയുള്ള ഉദ്യോഗസ്ഥൻമാർക്ക് അവരേക്കാൾ ഇഫക്ടീവായി കേരള ഭരണത്തെ മുന്നോട്ട് കൊണ്ടുപോകാൻ, അത്തരമൊരു ഉദ്യോഗസ്ഥ ശൃംഖലയ്ക്ക് അല്ലെങ്കിൽ ശ്രേണിക്ക് കഴിയുമെന്ന് ഞാൻ കരുതുന്നു.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് എം.ജി.പി. പരിപാടി നടപ്പാക്കുന്നതിന് ഒരു അഡ്മിനിസ്ട്രേറ്റീവ് സംവിധാനം വേണമെന്ന് പറഞ്ഞല്ലോ. ഇന്നലെ ഇവിടെ ഫിസ്ക്കൽ റിഫോംസ് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണ്. അത്

LIBRARY ARCHIVES Kerala Legislative Assembly

പൈലറ്റ് ചെയ്തിട്ടുള്ള ധനകാര്യ വകുപ്പുമന്ത്രി അതിനെക്കുറിച്ച് വ്യക്തമാക്കിയപ്പോൾ ഒരു കാര്യം ഇവിടെ ഉയർന്നു വന്നിരുന്നു. 2002 നവംബർ മാസം 4-ാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എ.ഡി.ബി.-ക്ക് നൽകിയിട്ടുള്ള ഒരു കത്തിന്റെ അടിസ്ഥാനത്തിലാണ് ഫിസ്ക്കൽ റിഫോംസ് ബിൽ ഇവിടെ വന്നിട്ടുള്ളതെന്ന് പറഞ്ഞു. അതുപോലെ എ.ഡി.ബി.-ക്ക് അങ്ങ് കത്തയച്ചിട്ടാണോ ഇങ്ങനെയൊരു ബിൽ അങ്ങ് ഇവിടെ കൊണ്ടു വന്നിട്ടുള്ളത്.

ശ്രീ. എം. മുരളി: എ.ഡി.ബി. വരുന്നതിന് മുമ്പ് സഖാവ് ഇ.എം.എസ്. 1957-ൽ മുന്നോട്ടുവച്ച ആശയം, 1997-ൽ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് വി. ജെ. തങ്കപ്പൻ മുന്നോട്ടുവച്ച ആശയം അത് ഏത് എ.ഡി.ബി.-യിൽനിന്ന് കടമെടുത്തതാണെന്ന് വിശദീകരിച്ചാൽ കൊള്ളാം.

ശ്രീ. എ. എൻ. രാജൻ ബാബു: എ.ഡി.ബി.-യിൽനിന്ന് വായ്പ എടുക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 8 കൺസപ്റ്റ് പേപ്പർ ഒപ്പിട്ട കൂട്ടത്തിൽ, 8 ഡോക്യുമെന്റുകൾ ഒപ്പിട്ട കൂട്ടത്തിൽ ഈ ക്ലോസും ഉണ്ടായിരുന്നുവെന്ന് അറിയാമോ?

ശ്രീ. എം. മുരളി: ഞാൻ എം.ജി.പി.-യെക്കുറിച്ച് പരാമർശിച്ചത്, മോഡണൈസിംഗ് പ്രോഗ്രാം ഉൾപ്പെടെ ഭരണരംഗത്ത് ഫലപ്രദമായി കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടികളിലേക്ക് ആന്റണി ഗവൺമെന്റ് പോകുമ്പോൾ നമുക്ക് കേരളത്തിന്റേതായ ഒരു സിവിൽ സർവ്വീസ് രൂപീകരിച്ചാൽ അത് ഏറ്റവും എഫക്ടീവ് ആയിരിക്കും, ഭരണം ഫലപ്രദമായി ജനങ്ങളിലെത്തിക്കുവാനും ഭരണരംഗത്തെ ആലസ്യമില്ലാതാക്കാനും ഫലപ്രദമായ വികസന പരിപാടികൾ ആവിഷ്കരിക്കാനും, അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങളും നടപടികളും ത്വരിതപ്പെടുത്തുവാനും നമുക്ക് കഴിയും. കർണ്ണാടക മോഡൽ, അതുപോലെ തമിഴ്നാട്ടിലുള്ള റ്റി.സി.എസ്. പോലെ, കർണ്ണാടക അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പോലെ, ആന്ധ്രാപ്രദേശിലുള്ളതുപോലെ എന്തിന് ബംഗാളിലുള്ളതുപോലുള്ള ഒരു സ്റ്റേറ്റ് സിവിൽ സർവ്വീസ് നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കണമെന്ന് ആവശ്യപ്പെടുന്ന ഈ ബിൽ ഞാൻ ഈ സഭയുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ബഹുമാനപ്പെട്ട മെമ്പർ കേരള സംസ്ഥാനത്ത് ഒരു പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിനും അതിലേക്കുള്ള നിയമനവും സർവ്വീസ് സംബന്ധമായ മറ്റ് കാര്യങ്ങളും വ്യവസ്ഥ ചെയ്യുന്നതിനുംവേണ്ടി ഒരു നിയമം നിർമ്മിക്കണമെന്ന നിർദ്ദേശമാണ് അദ്ദേഹം ഈ ബില്ലിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്തെ ഭരണ സംവിധാനം സുഗമമാക്കുന്നതിനും, കാര്യക്ഷമമാക്കുന്നതിനും വേണ്ടി ശുപാർശ സമർപ്പിക്കാൻ രൂപീകരിച്ച ഭരണ പരിഷ്കാര കമ്മിറ്റി സർക്കാരിന് സമർപ്പിച്ച ഒൻപതാമത് റിപ്പോർട്ടിൽ കേരളാ സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. നിർദ്ദിഷ്ട കേരളാ സിവിൽ സർവ്വീസിൽ 50 ശതമാനം നേരിട്ടും 50 ശതമാനം സംസ്ഥാന സർവ്വീസിലുള്ളവരിൽനിന്നും തെരഞ്ഞെടുക്കണമെന്നാണ് ശുപാർശ ചെയ്തിരിക്കുന്നത്. ശ്രീ. എം. മുരളി നോട്ടീസ് നൽകിയിരിക്കുന്ന കേരളാ സിവിൽ സർവ്വീസ് രൂപീകരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഏകദേശം ഇതുമായി സമാനസ്വഭാവമുള്ളതാണ്. കേരള ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ ഈ വിഷയം സംബന്ധിച്ചുള്ള ശുപാർശ വിവിധ വകുപ്പ് അദ്ധ്യക്ഷൻമാരും ഗവൺമെന്റ് സെക്രട്ടറിമാരുമടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും ആ

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശകൾ വീണ്ടും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സെക്രട്ടറിമാരുടെ ഉന്നതതല കമ്മിറ്റി പരിശോധിക്കുകയും ഇതു സംബന്ധിച്ചുള്ള ശുപാർശകൾ ഗവൺമെന്റിന് നൽകുകയും ചെയ്തു കഴിഞ്ഞു. ആ ശുപാർശകളെക്കുറിച്ച് 19-6-2002-ൽ കൂടിയ മന്ത്രിസഭ സജീവമായി പരിഗണിക്കുകയുണ്ടായി. ഇത് വിശദമായി പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതി ഈ റിപ്പോർട്ടിലെ ശുപാർശകൾ വിശദമായി പരിശോധിച്ചു. സിവിൽ സർവ്വീസ് രൂപീകരണം തത്വത്തിൽ അംഗീകരിക്കുകയും മന്ത്രിസഭയുടെ പരിഗണനയ്ക്കായി മന്ത്രിസഭാ ഉപസമിതി ശുപാർശകൾ നൽകുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. 25-6-2003-ൽ കൂടിയ മന്ത്രിസഭാ യോഗം ഒൻപതാമത് റിപ്പോർട്ട് പരിഗണിച്ച് സെക്രട്ടേറിയറ്റ് സർവ്വീസ് സംഘടനകളുമായി ഈ കാര്യം ചർച്ച ചെയ്യാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറിയെ അതിന് ചുമതലപ്പെടുത്തിയിരിക്കുകയാണ്. 28-8-2003-ൽ സെക്രട്ടേറിയറ്റിലെ സംഘടനകളുമായി ചർച്ച നടത്താനുള്ള നടപടികളെടുത്തു വരുന്നുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഈ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. തത്വത്തിൽ ഈ ആശയം അംഗീകരിച്ച് അതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ്. അതുകൊണ്ട് ജീവനക്കാരുടെ സംഘടനകളുമായുള്ള ചർച്ചകൾക്കുശേഷമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ. ഈ ആശയം ഗവൺമെന്റ് ഉൾക്കൊണ്ടിട്ടുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഈ ബിൽ പ്രസ്സ് ചെയ്യരുത്, ഇത് പിൻവലിക്കണം, ഇക്കാര്യത്തിൽ ഗവൺമെന്റ് ജീവനക്കാരുടെ സംഘടനകളുമായുള്ള ചർച്ചകൾക്കുശേഷം അന്തിമ തീരുമാനമെടുക്കുന്നതാണെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുന്നു. അദ്ദേഹം ഈ ബിൽ പ്രസ്സ് ചെയ്യരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ഡെ. സ്പീക്കർ: ശ്രീ. എം. മുരളി അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. മുരളി: കേരളത്തിൽ പ്രത്യേക സിവിൽ സർവ്വീസ് രൂപീകരിക്കാൻ തത്വത്തിൽ ഈ ഗവൺമെന്റ് തീരുമാനമെടുത്ത സാഹചര്യത്തിൽ ഞാൻ ഈ ബിൽ അവതരിപ്പിക്കുവാനുള്ള പ്രമേയം പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെ. സ്പീക്കർ: ശ്രീ. എം. മുരളി അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഓർഡർ.....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ആഗസ്റ്റ് മാസം 4-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.27-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly